# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

---

നം.പി.ആർ.75/2024 തിരുവനന്തപുരം, തീയതി: 03/04/2024

# പത്രക്കുറിപ്പ്

## പരീക്ഷാഫലം

കേരളസർവകലാശാല 2023 മെയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ. പൊളിറ്റിക്കൽ സയൻസ് (റെഗുലർ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മ പരിശോധനയ്ക്ക് SLCM (2021 & 2022 അഡ്മിഷൻ) വിദ്യാർത്ഥികൾ www.slcm.keralauniversity.ac.in മുഖേനയും സപ്ലിമെന്ററി (2020 അഡ്മിഷൻ) വിദ്യാർത്ഥികൾ www.exams.keralauniversity.ac.in മുഖേനയും 2024 ഏപ്രിൽ 13 നകം ഓൺലൈനായി അപേക്ഷിക്കേണ്ടതാണ്. SLCM വിദ്യാർത്ഥികളുടെ അപേക്ഷാഫീസ് SLCM ഓൺലൈൻ പോർട്ടൽ മുഖേന മാത്രമേ സ്വീകരിക്കുകയുള്ളൂ. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം 2023 ഒക്ടോബർ/നവംബർ മാസങ്ങളിൽ നടത്തിയ മൂന്ന്, നാല് സെമസ്റ്റർ ബി.എ. പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധന യ്ക്കും പുനർമൂല്യനിർണ്ണയത്തിനും 2024 ഏപ്രിൽ 12 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ

കേരളസർവകലാശാല 2024 ഏപ്രിൽ നടത്തുന്ന ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എ. മ്യൂസിക് പരീക്ഷയുടെ തുടർച്ചയായുള്ള പ്രാക്ടിക്കൽ പരീക്ഷകൾ 2024 ഏപ്രിൽ 29 മുതൽ ആരംഭിക്കുന്നു. ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാല 2024 ഏപ്രിൽ 29 മുതൽ നടത്താൻ നിശ്ചയിച്ചിരുന്ന ഒന്ന്, രണ്ട് സെമസ്റ്റർ ബി.എസ്സി. കമ്പ്യൂട്ടർ സയൻസ്/ബി.സി.എ. (വിദൂരവിദ്യാഭ്യാസം) (മേഴ്സിചാൻസ് – 2017 അഡ്മിഷൻ) പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ റെഗുലർ ബി.ടെക് മൂന്നാം സെമസ്റ്റർ കോഴ്സ് കോഡിൽ വരുന്ന (2013 സ്കീം) ബി.ടെക്. പാർട്ട് ടൈം റീസ്ട്രക്ച്ചേർഡ് കോഴ്സിന്റെ ഒന്നാം സെമസ്റ്റർ (ഫെബ്രുവരി 2024), രണ്ടാം സെമസ്റ്റർ (മാർച്ച് 2024) മൂന്നാം സെമസ്റ്റർ (ഡിസംബർ 2023) പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച്, ആറ്, എഴ്, എട്ട് സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (ബി.എച്ച്.എം.) (2006 സ്കീം, 2011 സ്കീം - മേഴ്സിചാൻസ് - 2006 - 2013 അഡ്മിഷൻ) ഫെബ്രുവരി 2024 ഡിഗ്രി പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

# എം.ബി.എ. (ഫുൾടൈം) കോഴ്സുകളിലേക്ക് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു

കേരളസർവകലാശാലയുടെ വിവിധ മാനേജ്മെന്റ് പഠനകേന്ദ്രങ്ങളിൽ (UIMs) എം.ബി.എ. (ഫുൾടൈം) കോഴ്സുകളിലേക്കുള്ള 2024-2025 വർഷത്തെ പ്രവേശനത്തിന് 2024 ഏപ്രിൽ 25 രാത്രി 10 മണി വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)


**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* 9188526670, 9188526671, 9188526674, 9188526675
**Whats App No. 8547330240**